ഹെൽത്ത് എഡ്യൂക്കേഷൻ വിഭാഗത്തിൽ നിലവിലുള്ള അദ്ധ്യാപക ഒഴിവുകൾ

121 [3511] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 'ഹെൽത്ത് എഡ്യൂക്കേഷൻ' വിഭാഗത്തിൽ ഇപ്പോൾ അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നും ഓരോ തസ്തികയിലും എന്ന് മുതലാണ് ഒഴിവുണ്ടായതെന്നും വിശദമാക്കാമോ;

(ബി) ഈ വിഭാഗത്തിൽ ഒഴിഞ്ഞുകിടക്കുന്ന അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികകൾ നികത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) 31-3-2003-ന് ശേഷം ഏതെല്ലാം തീയതികളിൽ ഡി. പി. സി. കൂടിയിട്ടുണ്ട് എന്നും എന്തുകൊണ്ടാണ് പ്രസ്തുത വിഷയം ഡി. പി. സി.-യിൽ പരിഗണിക്കാതിരുന്നത് എന്നും വ്യക്തമാക്കാമോ;

(ഡി) പ്രൊമോഷൻ ലഭിക്കാൻ സാദ്ധ്യതയുള്ളവർ പ്രൊമോഷൻ ലഭിക്കാതെ റിട്ടയർ ചെയ്യേണ്ടിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹെൽത്ത് എഡ്യൂക്കേഷൻ വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ 3 ഒഴിവുകളാണ് നിലവിലുള്ളത്. താഴെ പറയുന്ന തീയതികളിലാണ് ഒഴിവുകൾ ഉണ്ടായത്.

1-5-1999, 1-5-2001, 1-5-2003.

(ബി) ഈ വിഭാഗത്തിൽ ഇതുവരെ ഡി. പി. സി. കൂടിയിരുന്നില്ല. ഡി. പി. സി. കൂടുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 31-3-2003-ന് ശേഷം ഡി. പി. സി. കൂടിയ തീയതികൾ താഴെ ചേർക്കുന്നു.

ഹയർ ഡി. പി. സി.

5-6-2003, 30-10-2003, 31-3-2004, 11-6-2004, 25-6-2004, 6-7-2004.

LIBRARY ARCHIVES Kerala Legislative Assembly

ലോവർ ഡി. പി. സി.

31-10-2003, 9-1-2004, 31-3-2004, 28-5-2004.

അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള ഒഴിവുകൾ നികത്തുന്നതിന് ഇതിന്റെ ഫീഡർ കാറ്റഗറിയായ ലക്ചറർ തസ്തികയിലെ നിയമനത്തിന് ഡി. പി. സി. കൂടണമായിരുന്നു. ഈ ഡി. പി. സി. 9-1-2004 ലാണ് കൂടിയത്. 6-7-2004-ൽ കൂടിയ ഡി. പി. സി. ഈ വിഷയം മാറ്റി വച്ചിരിക്കുകയാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

സിഡ്കോയ്ക്ക് ഫർണിച്ചർ ഇനത്തിൽ കൊടുക്കുവാനുള്ള തുക

122 [3513] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ്, കോഴിക്കോട് മെന്റൽ ഹെൽത്ത് സെന്റർ സുപ്രണ്ടിന്റെ ഓഫീസ്, തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ ഓഫീസ് എന്നിവിടങ്ങളിലെ ആവശ്യത്തിനായി സിഡ്കോ മുഖേന വിവിധയിനം ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ടോ;

(ബി) 11-6-1993 മുതൽ നൽകിയിട്ടുള്ള ഫർണിച്ചറിന്റെ വിലയിനത്തിൽ സിഡ്കോയ്ക്ക് പതിനാറു ലക്ഷത്തോളം രൂപ കൊടുക്കുവാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തുക ഇതുവരെ കൊടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) തുക ഉടനടി കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 7,85,060 രൂപ സിഡ്കോയ്ക്ക് കൊടുക്കാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി & ഡി) തുക എത്രയും വേഗം കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly